**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കരാർ ജീവനക്കാരുടെ നിയമനത്തിൽ സംവരണ തത്വം പാലിക്കുന്നത്-നിർദ്ദേശം നൽകി - ഉത്തരവാകുന്നു.

================================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(കൈ)നം-41/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 20-02-2017

================================================================================

പരാമർശം: - 1. സ.ഉ.(എം.എസ്) നം. 167/2009/ത.സ്വ.ഭ.വ തീയതി 26/08/2009
2. സ.ഉ.(കൈ) നം. 305/2008/ത.സ്വ.ഭ.വ തീയതി 18/11/2008
3. സ.ഉ.(സാധാ) നം. 346/2012/ത.സ്വ.ഭ.വ തീയതി 03/02/2013
4. സ.ഉ.(സാധാ) നം. 439/2012/ത.സ്വ.ഭ.വ തീയതി 18/12/2013
5. സ.ഉ.(സാധാ) നം. 883/2013/ത.സ്വ.ഭ.വ തീയതി 01/04/2013
6. ബഹു. പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷന്റെ 30-04-2016 തീയതിയിലെ 364/എ 1/2015/റ്റി.എസ്.ആർ/കെ.എസ്.സി.സി & എസ്.റ്റി നമ്പർ ഉത്തരവ്
7. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.10.2016-ലെ 16790/ഇ.ജി.എസ്-ബി/15/ആർ.ഇ.ജി.എസ് നമ്പർ കത്ത്

**ഉത്തരവ്**

ഗ്രാമീണ മേഖലയിലെ അവിദഗ്ധ തൊഴിൽ ചെയ്യുന്ന കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസം തൊഴിൽ വാഗ്ദാനം ചെയ്യുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006 ഫെബ്രുവരി 2-)o തീയതി മുതൽ കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേരളത്തിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ നടത്തിപ്പിൽ പ്രധാന പങ്ക് വഹിക്കുന്നത് സംസ്ഥാനതലം മുതൽ ഗ്രാമ പഞ്ചായത്ത് തലംവരെ നിയമിതരായി രിക്കുന്ന കരാർ ജീവനക്കാരാണ്. തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരാമർശം (1) ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും ഒരു അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), ഒരു അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിൽ വീതം നിയമനം നടത്തുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. നിലവിൽ പരാമർശം (3) പ്രകാരം, മുൻ സാമ്പത്തിക വർഷം 60 ലക്ഷം രൂപവരെ പദ്ധതി തുക വിനിയോഗിച്ചിട്ടുള്ള ഗ്രാമ പഞ്ചായത്തുകളിൽ ഒരു ഓവർസിയർ/എഞ്ചിനീയർ തസ്തികയിലും അക്കൗണ്ടന്റ്-കം- ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ ഒരു തസ്തികയിലും നിയമനം നടത്തുന്നതിനും 60 ലക്ഷത്തിന് മുകളിൽ 2 കോടി രൂപ വരെ പദ്ധതിച്ചെലവ് നിർവ്വഹിക്കുന്ന ഗ്രാമ പഞ്ചായത്തുകളിൽ ഓവർസിയർ/എഞ്ചിനീയർ വിഭാഗത്തിലെ 2 തസ്തികകളിലും, ഡാറ്റാ എൻട്രി ഓപ്പറേറ്റർ വിഭാഗത്തിൽ ഒരു തസ്തികയിലും നിയമനം നടത്തുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. കൂടാതെ പരാമർശം (4) പ്രകാരം 2 കോടിക്ക് മുകളിൽ പദ്ധതിച്ചെലവ് രേഖപ്പെടുത്തുന്ന ഗ്രാമ പഞ്ചായത്തുകളിൽ അധികമായി ഒരു എഞ്ചിനീയറേയും ഒരു അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്ററേയും നിയോഗിക്കുന്നതിന് സർക്കാർ ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

2. ഇതിനു പുറമേ ജോലിഭാരം അധികമുള്ള ബ്ലോക്കു പഞ്ചായത്തുകളിൽ പരാമർശം (1) പ്രകാരം നിലവിലുള്ള ഒരു എഞ്ചിനീയർ/ഓവർസിയർ, ഒരു അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകൾക്കു പുറമേ അധികമായി ഒരു അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്ററെക്കൂടി നിയമിക്കുന്നതിന്

പരാമർശം (5) പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ ഉത്തരവുകൾ പ്രകാരം സംസ്ഥാന തലത്തിൽ ഐ.റ്റി. പ്രൊഫഷണൽ. ഇ.എഫ്.എം.എസ് കൺസൾട്ടന്റ്, ഇ.എഫ്.എം.എസ് കമ്പ്യൂട്ടർ ഓപ്പറേറ്റർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകൾ ഓരോന്നു വീതവും ജില്ലകളിൽ ഐ.റ്റി. പ്രൊഫഷണൽ, അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഇ.എഫ്.എം.എസ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഓംബുഡ്സ്മാന്റെ ഓഫീസിൽ ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകൾ ഓരോന്നുവീതവും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം 01-04-2016 തീയതിയിലെ കണക്ക് അനുസരിച്ച്, സംസ്ഥാനത്ത് ഗ്രാമ/ബ്ലോക്ക്/ജില്ലാ തലത്തിൽ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ എണ്ണം 3512 ആണ്. നിലവിൽ ഈ തസ്തികകളിൽ നിയമനം നടത്തുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയതിനാൽ നിയമനത്തിൽ സംവരണതത്വം പാലിക്കുന്നത് ഉറപ്പാക്കിയിട്ടില്ല.

3. ബഹു. പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ പുറപ്പെടുവിച്ച പരാമർശം(6) ഉത്തരവ് പ്രകാരം നിയമനങ്ങൾ കോൺട്രാക്ട് വ്യവസ്ഥയിൽ ഉള്ളവയായിരുന്നാലും സംവരണ തത്വങ്ങൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണെന്നും ആയത് നടപ്പിലാക്കാൻ വേണ്ട ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതാണെന്നും ഗവൺമെന്റിനോട് ശക്തമായി ശുപാർശ ചെയ്തിട്ടുണ്ട്. കരാർ ജീവനക്കാരെ നിയമിക്കുമ്പോൾ സംവരണ തത്വങ്ങൾ പാലിക്കണമെന്ന് 21-10-2016-ന് ചേർന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ് തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിലും ശുപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ കരാർ ജീവനക്കാരുടെ നിയമനം നടത്തുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് എന്നതിനാലും പഞ്ചായത്ത് അടിസ്ഥാനത്തിൽ സംവരണതത്വം പാലിച്ചുകൊണ്ട് സംവരണം നൽകുന്നത് പ്രയോഗികമല്ലാത്തതുകൊണ്ടും, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക്, സംസ്ഥാനത്ത് നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ് തൊഴിലുറപ്പ് പദ്ധതി നിയമനങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന പ്രക്രിയയിലൂടെ തസ്തിക നിർണ്ണയം നടത്തി സംവരണ തസ്തികകൾ കണ്ടെത്തുന്നതിന് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ് തൊഴിലുറപ്പ് പദ്ധതിയിൽ ആകെയുള്ള തസ്തികകളുടെ 8% തസ്തിക എസ്.സി.യ്ക്കും 2% തസ്തിക എസ്.റ്റി.യ്ക്കും സംവരണം ചെയ്യണം. ദശാംശം 5-ഉം അതിൽ കൂടുതലുമുള്ള സംഖ്യ അടുത്ത പൂർണ്ണ സംഖ്യയിലേയ്ക്ക് ഉയർത്തുക
2. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ തസ്തിക തിരിച്ച് നിലവിലുള്ള ജീവനക്കാരിൽ എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെ കണക്ക് എടുക്കുക. ക്രമ നമ്പർ 1-ൽ പറയുന്ന പ്രകാരം തസ്തികകളിൽ വേണ്ടത്ര ആളുകൾ ഇല്ലെങ്കിൽ ആ കുറവ് നികത്തുന്നതിന് ഗ്രാമ പഞ്ചായത്തുകളെയും ബ്ലോക്ക് പഞ്ചായത്തുകളെയും എസ്.സി & എസ്.റ്റി ജനസംഖ്യയുടെ (2011 സെൻസസ്) അടിസ്ഥാനത്തിൽ അവരോഹണ ക്രമത്തിൽ ലിസ്റ്റ് ചെയ്യണം തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ, ഡാറ്റ എൻട്രി ഓപ്പറേറ്റർ, അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ, ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്ന റൊട്ടേഷൻ ക്രമത്തിൽ സംവരണം ചെയ്ത് പഞ്ചായത്തുകൾക്ക് അനുവദിച്ച നൽകുക
3. ജില്ലകളുടെ കാര്യത്തിൽ 14 ജില്ലകളേയും എസ്.സി & എസ്.റ്റി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ അവരോഹണ ക്രമത്തിൽ ലിസ്റ്റചെയ്ത് ക്രമ നമ്പർ 2-ൽ പറയുന്ന നടപടി പാലിച്ചുകൊണ്ട് ഐ.ടി പ്രൊഫഷനലുകളുടെ സംവരണ തസ്തികകൾ നിശ്ചയിക്കുക
4. ഈ പ്രക്രിയയിലൂടെ കണ്ടെത്തിയ സംവരണ തസ്തികകൾ വിജ്ഞാപനം ചെയ്ത് പഞ്ചായത്തുകളെ അറിയിക്കുക
5. ടി പ്രക്രിയ മിഷൻ ഡയറക്ടർ എസ്.സി & എസ്.റ്റി വകുപ്പിന്റെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ

ആയിരിക്കണം നടത്തേണ്ടത്

6. എസ്.സി/എസ്.റ്റി അപേക്ഷകരില്ലെങ്കിൽ മാത്രം പൊതു വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകാവുന്നതും, എസ്.സി/എസ്.റ്റി വിഭാഗത്തിൽനിന്ന് ഉദ്യോഗാർത്ഥികളെ ലഭിക്കുമ്പോൾ ടി നിയമനം റദ്ദുചെയ്യേണ്ടതുമാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**മിനിമോൾ ഏബ്രഹാം**
**അഡീഷണൽ സെക്രട്ടറി**

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
3. രജിസ്ട്രാർ, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ
4. പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്
5. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
6. ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ
7. നിയമ ഒപ്പീനിയൻ ഡി വകുപ്പ് (നം:26127/ ഡി1/ 16/ നിയമം)
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ